**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2592.** **09.03.2017 ന് മറുപടിയ്ക്ക്**

**മദ്യവിൽപ്പനയിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ വിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം IMFL വില്പനയിൽ 3% വർദ്ധനവും, ബിയർ വില്പനയിൽ 1% വർദ്ധനവും ആകെ വില്പന മൂല്യത്തിൽ 6% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (ബി) | മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് ബോധവത്ക്കരിക്കുന്നതിനും മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും, മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന ലഹരി വർജ്ജന മിഷൻ '**വിമുക്തി**'യ്ക്ക് രൂപം നൽകിയിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ് എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് '**വിമുക്തി**'യുടെ പ്രവർത്തന ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചിട്ടും മദ്യ ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് കൈക്കൊണ്ട ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ വ്യാജമദ്യത്തിന്റെ വിപണനം നന്നായി കുറച്ചുകൊണ്ടുവരാനും മദ്യവില്പനയുടെ വർദ്ധനവ് 3 ശതമാനത്തിലും ബിയർ വില്പനയുടെ വർദ്ധനവ് ഒരു ശതമാനത്തിലും നിയന്ത്രിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**